(ബി) ഇതിനായി ഇക അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) അമ്പലപ്പുഴ കരിമാടിക്കുട്ടൻ പ്രതിമ സ്ഥിതിചെയ്യുന്ന പ്രദേശത്ത് ഇതിനകംതന്നെ അടിയന്തര സംരക്ഷണ/വികസന പ്രവർത്തനങ്ങളായ സംരക്ഷിത പ്രദേശത്തിന്റെ ചുറ്റുമതിൽ നിർമ്മാണം, സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യ മൊരുക്കൽ, കാവൽപ്പുര, ബുദ്ധസ്മൃപത്തിന് ചുറ്റുമുള്ള കരിങ്കൽ വിരിച്ച നടപ്പാത എന്നിവയും സ്മാരകത്തിലേക്ക് വൈദ്യുതി ബന്ധം, വൈദ്യുതീകരണം എന്നിവയും നടപ്പാക്കിയിട്ടുണ്ട്. കൂടാതെ നാമഫലകങ്ങളും സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തന ങ്ങൾക്കായി പുരാവസ്തു വകുപ്പിന്റെ തനതു ഫണ്ടിൽനിന്ന് 12,34,537 (പന്ത്രണ്ട് ലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി മുപ്പത്തേഴ്) രൂപ ചെലവഴിച്ചിട്ടുണ്ട്.

ഉമൈത്താനകത്ത് കഞ്ഞികാദറിന് സ്മാരകം

68 (2701) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രട്ടീഷുകാരുമായുള്ള സ്വാതന്ത്ര്യസമര പോരാട്ടത്തിൽ രക്തസാക്ഷിയായ ഉമൈത്താനകത്ത് കഞ്ഞികാദർ മലപ്പുറം ജില്ലയിലെ താനൂർ സ്വദേശിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അദ്ദേഹത്തിന് സമുചിതമായ ഒരു സ്മാരകവും താനൂരിൽ ഇല്ലായെന്ന കാര്യം അറിയാമോ ;

(സി) കഞ്ഞികാദറിന്റെ സ്മരണയ്ക്കായി താനൂരിൽ ഒരു സ്മാരകം പണിയുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറിയാം.

(സി&ഡി) ഇതു സംബന്ധമായ നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly